# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5092    06/02/2014-ൽ മറുപടിയ്ക്ക്**

## ബേപ്പൂർ മത്സ്യഗ്രാമം പദ്ധതി

**ചോദ്യം**

ശ്രീ. എളമരം കരീം:

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി):

(എ) ബേപ്പൂർ മത്സ്യഗ്രാമം പദ്ധതി അനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം മാതൃകാ മത്സ്യഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ബേപ്പൂർ മത്സ്യഗ്രാമത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1. | ഹൈമാസ്റ്റ് ലൈറ്റ്, വൈദ്യുതീകരണം ബേപ്പൂർ - മാറാട് | 40 ലക്ഷം |
| 2. | കുടിവെള്ള പദ്ധതി - ബേപ്പൂർ | 200 ലക്ഷം |
| 3. | ജി.എച്ച്.എസ്.എസ്. ബേപ്പൂർ പുതിയ ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി നിർമ്മാണം | 128 ലക്ഷം |
| 4. | അംഗൻവാടി നിർമ്മാണം - ബേപ്പൂർ | 24 ലക്ഷം |
| 5. | ജി.ആർ.എഫ്.ടി.എച്ച്.എസ് പുനരുദ്ധാരണം - ബേപ്പൂർ | 174 ലക്ഷം |
| 6. | തീരദേശ റോഡ് | 200 ലക്ഷം |

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാകും?

(സി) പദ്ധതി നിർവ്വഹണം 2015 മാർച്ച് - നകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ആഫീസർ